## Syro-Malabar Eparchy of St Thomas the Apostle, Melbourne

Prot.No.MPL: 117/20/52

**ഇടയലേഖനം**

**2020 മംഗലവാർത്താക്കാലം**

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ ആരാധനാവത്സരം ആരംഭിക്കുന്നത് ഈശോയുടെ മനുഷ്യാവതാരരഹസ്യം അനുസ്മരിക്കുന്ന മംഗലവാർത്താക്കാലത്തോടുകൂടിയാണല്ലോ. തിരുപ്പിറവിക്കൊരുക്കമായി മാർത്തോമാക്രിസ്ത്യാനികൾ പതിവായി ഇരുപത്തഞ്ചുനോമ്പ് ആചരിക്കുന്നു. ക്രിസ്മസിന് ഒരുക്കമായ ഈ ദിവസങ്ങൾ കൂടുതൽ വിശ്വാസത്തോടും സ്നേഹത്തോടും ശരണത്തോടുംകൂടി ഭക്തിപൂർവ്വം നമുക്കാചരിക്കാം.

മംഗലവാർത്താക്കാലത്ത് നാല് ആഴ്ചകളാണുള്ളത്. ഓരോ ഞായറിലെയും ദൈവവചനചിന്തകൾ കേന്ദ്രമാക്കി ജീവിച്ചുകൊണ്ട് തിരുപ്പിറവിക്ക് ഒരുങ്ങാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

മംഗലവാർത്ത ഒന്നാം ഞായറിലെ സുവിശേഷം സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പാണല്ലോ (ലൂക്കാ 1:5-25). ദൈവദൂതൻ പറഞ്ഞു: "സഖറിയാ, നീ ഭയപ്പെടേണ്ട. നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിനക്ക് ഒരു പുത്രൻ ജനിക്കും." മക്കളില്ലാതിരുന്ന സഖറിയ-എലിസബത്ത് ദമ്പതികൾക്ക് അത് ദൈവസ്നേഹത്തിന്റെ വലിയ സദ്വാർത്തയായിരുന്നു. നമ്മുടെ ജീവിതത്തിൽ എന്നും ദൈവസ്നേഹത്തിന്റെ സദ്വാർത്ത കേൾക്കാൻ നമുക്ക് ഇടവരട്ടെ.

രണ്ടാം ഞായറിലെ സുവിശേഷം ഈശോയുടെ ജനനത്തെക്കുറിച്ചുള്ള മംഗലവാർത്തയാണ് (ലൂക്കാ 1:26-56). ദൈവദൂതൻ പറഞ്ഞു: "മറിയമേ, നീ ഭയപ്പെടേണ്ട. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് ഈശോ എന്ന് പേരിടണം." പരിശുദ്ധ അമ്മയെപ്പോലെ ഏതു ജീവിതസാഹചര്യത്തിലും ഇതാ കർത്താവിന്റെ ദാസി/ദാസൻ, അങ്ങയുടെ ഇഷ്ടം എന്നിൽ നിറവേറട്ടെ എന്ന മനസ്സോടെ നമുക്ക് ജീവിക്കാം.

മൂന്നാം ഞായറിലെ സുവിശേഷം യോഹന്നാന്റെ ജനനമാണ് (ലൂക്കാ 1:57-66). "കർത്താവിന്റെ കരം യോഹന്നാനോടു കൂടെ ഉണ്ടായിരുന്നു. കർത്താവിനു വഴിയൊരുക്കാൻ അവൻ നിയോഗിക്കപ്പെട്ടു. അവൻ ആത്മാവിൽ ശക്തിപ്പെട്ടു." അതുപോലെ കർത്താവിന്റെ കരം എന്നും നമ്മോടുകൂടെ ഉണ്ടാകാനും, നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ഈശോയ്ക്ക് വഴിയൊരുക്കാൻ പരിശുദ്ധാത്മാവ് നമ്മെ ശക്തിപ്പെടുത്താനും നമുക്ക് പ്രാർത്ഥിക്കാം.

നാലാം ഞായറിലെ സുവിശേഷം ഈശോയുടെ ജനനത്തിൽ ഉണ്ടായ ദൈവികഇടപെടലാണ് അവതരിപ്പിക്കുന്നത് (മത്തായി 1:18-24). നീതിമാനായ യൗസേപ്പിതാവ് ആ ദൈവികഇടപെടൽ തിരിച്ചറിയുകയും കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ച് ഈശോയുടെ വളർത്തുപിതാവാകുകയും ചെയ്യുന്ന രംഗം! മനുഷ്യബുദ്ധികൊണ്ട് മനസ്സിലായില്ലെങ്കിലും, നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ദൈവികഇടപെടലുകളെ തിരിച്ചറിയാനും ദൈവികപദ്ധതികളോട് സഹകരിക്കാനും സാധിക്കുമ്പോൾ കുടുംബത്തിൽ ദൈവസ്നേഹം പങ്കുവയ്ക്കാനും സമാധാനത്തിൽ ജീവിക്കാനും നമുക്കു സാധിക്കും.

ഈ മംഗലവാർത്താക്കാലം ഇപ്രകാരം വചനാധിഷ്ഠിതമായി ജീവിച്ചുകൊണ്ട് പിറവിത്തിരുന്നാളിന് ആത്മീയമായി ഒരുങ്ങാൻ എല്ലാവരെയും വാത്സല്യപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു. അങ്ങനെ ഈ ക്രിസ്മസ് നമുക്ക് വലിയ സന്തോഷത്തിന്റെ സദ്വാർത്തയാകട്ടെ എന്നാശംസിക്കുന്നു.

ഫ്രാൻസിസ് മാർപാപ്പ കഴിഞ്ഞവർഷത്തെ തന്റെ ക്രിസ്മസ് സന്ദേശം ആരംഭിച്ചത് "ഇരുട്ടിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു വെളിച്ചം കണ്ടു" (ഏശയ്യാ 9:1) എന്ന പ്രവാചകവചനം ഉദ്ധരിച്ചായിരുന്നു. അമ്മയാകുന്ന സഭയുടെ ആരാധനാശുശ്രൂഷയിൽ ദൈവപുത്രനായ ഈശോ വീണ്ടും ജനിക്കുന്ന ആഘോഷമാണ് ക്രിസ്മസ്. ഈശോ എന്ന പേരിന്റെ അർത്ഥംതന്നെ "കർത്താവ് രക്ഷിക്കുന്നു" എന്നാണല്ലോ. നിത്യനിതാന്തസ്നേഹമായ പിതാവായ ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷിക്കാനല്ല, രക്ഷിക്കാനാണ് (യോഹന്നാൻ 3:17). നമ്മോടുള്ള വലിയ കരുണയാൽ ദൈവം ഈശോയെ ലോകത്തിനു മുഴുവനും രക്ഷകനായി നൽകിയിരിക്കുന്നു. അന്ധകാരത്തിൽ നടക്കുന്ന നമുക്ക് വെട്ടമാകാൻ രാവിന്റെ കുളിരിലും കൂരിരുട്ടിലും രക്ഷകൻ പിറന്നുവീണു. ദൈവത്തിന്റെ വചനമാണ് കന്യകാമറിയത്തിൽനിന്നു പിറന്ന ഈശോ. വാഗ്ദാനനാട്ടിലേക്ക് അബ്രാഹത്തിന്റെ കാല്പാടുകളെ നയിച്ച അതേ വചനം. ആ വചനം ഇസ്രായേൽ ജനത്തെ സ്വാതന്ത്ര്യത്തിലേക്കു നയിച്ചു. പിഞ്ചുകുഞ്ഞായി പിറന്ന ഈശോ ലോകത്തിന്റെ പ്രകാശമാണ്. ഏതു കൂരിരുളിനെയും വെല്ലുന്ന സൂര്യതേജസ്സ്! അതുകൊണ്ടാണ് "ഇരുട്ടിൽ കഴിഞ്ഞിരുന്ന ജനം മഹത്തായ ഒരു വെളിച്ചം കണ്ടു" എന്ന് ഏശയ്യാ പ്രവചിച്ചത്. മനുഷ്യഹൃദയങ്ങളിലെ ഇരുളിനെ മാറ്റാൻ മിശിഹായാകുന്ന വെളിച്ചത്തിനു കഴിയും. നമ്മുടെ മനുഷ്യബന്ധങ്ങളിലും പ്രകൃതിബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും എല്ലാറ്റിനുമുപരി ദൈവബന്ധത്തിലുമുള്ള ഇരുളിനെ മാറ്റി സ്നേഹത്തിന്റെ ഊഷ്മളപ്രകാശം പരത്താൻ പ്രാപ്തനാണ് ശിശുവായി പിറന്ന നമ്മുടെ രക്ഷകൻ.

കഴിഞ്ഞ ക്രിസ്മസ് ആഘോഷത്തിൽ നാം സ്വപ്നത്തിൽ പോലും ചിന്തിച്ചുകാണില്ല 2020-ൽ കൊറോണ അണുബാധയുടെ കൂരിരുട്ടിൽ ലോകജനത തപ്പിത്തടയുമെന്ന്. ഈ കൂരിരുട്ടിൽ ലോകത്തിന്റെ പ്രകാശമായ മിശിഹാ നമ്മെ വഴിനടത്തട്ടെ എന്നു പ്രാർത്ഥിക്കാം. കോവിഡു കാലത്തെ നീണ്ട അടച്ചുപൂട്ടലിനെ പഴയനിയമത്തിലെ പ്രളയകാലത്തെ നോഹയുടെ പെട്ടകത്തോട് നമുക്കുപമിക്കാം (ഉൽപത്തി 6-9). ഒരാഗോളദുരന്തത്തെ പ്രതിരോധിക്കാൻ മനുഷ്യചരിത്രത്തിലെ ആദ്യത്തെ അടച്ചുപൂട്ടലാണ് നോഹയുടെ പെട്ടകം.

ദൈവബന്ധത്തിലും പ്രപഞ്ചബന്ധത്തിലും മനുഷ്യബന്ധത്തിലും മനുഷ്യനുണ്ടാക്കിയ താളപ്പിഴയാണ് പ്രളയത്തിന്റെ പശ്ചാത്തലമെന്ന് ഉൽപത്തി പുസ്തകം സൂചിപ്പിക്കുന്നുണ്ട്. മനുഷ്യസൃഷ്ടിക്കുശേഷം വളരെ സന്തോഷിച്ച കർത്താവ് (ഉൽപത്തി 1:31) മനുഷ്യനെ സൃഷ്ടിച്ചതിൽ പിന്നീട് ദുഃഖിക്കുന്നുണ്ട് (ഉൽപത്തി 6:6). അതിനുള്ള കാരണവും വ്യക്തമാക്കുന്നുണ്ട്. "മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരുന്നു; അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും ദുഷിച്ചിരുന്നു" (ഉൽപത്തി 6:5). എന്നിട്ടും സ്നേഹംതന്നെയായ കർത്താവ് മനുഷ്യനെയും പ്രകൃതിയെയും സംരക്ഷിക്കാനായി പദ്ധതിയിടുന്നു. അതിജീവനത്തിനായി പെട്ടകമുണ്ടാക്കാൻ ദൈവം നോഹയോട് ആവശ്യപ്പെടുന്നു. ഈ ദൈവികപദ്ധതി കാലികപ്രസക്തിയുള്ള മൂന്നുസന്ദേശങ്ങൾ നമുക്കു നൽകുന്നുണ്ട്.

ഒന്നാമതായി, പെട്ടകനിർമ്മാണം മനുഷ്യന്റെ പദ്ധതിയല്ല, ദൈവത്തിന്റെ തീരുമാനമായിരുന്നു. അത് നോഹയുടെ പൊങ്ങച്ചമല്ല, ദൈവതിരുമനസ്സായിരുന്നു. തന്നിഷ്ടമല്ല നോഹ നടപ്പാക്കിയത്, ദൈവേഷ്ടമായിരുന്നു. തകർന്ന ദൈവ-മനുഷ്യബന്ധം കൂട്ടിയിണക്കുകയായിരുന്നു പെട്ടകനിർമ്മാണത്തിന്റെ പ്രഥമലക്ഷ്യം.

രണ്ടാമതായി, പെട്ടകം പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയായിരുന്നു. പ്രകൃതിയെയും ജീവജാലങ്ങളെയും അവഗണിച്ചല്ല ദൈവം മനുഷ്യനെ സംരക്ഷിക്കുന്നത്. പ്രകൃതിക്കും ജീവജാലങ്ങൾക്കും സംരക്ഷണമുണ്ടായാലേ മനുഷ്യന്റെ അതിജീവനം സാധ്യമാകൂ. വലിയ കാലികപ്രസക്തിയുള്ള സമഗ്രമായ പ്രപഞ്ചാതിജീവനത്തിന്റെ കഥകൂടിയാണ് നോഹയുടെ പെട്ടകം നമ്മെ അനുസ്മരിപ്പിക്കുന്നത്. മനുഷ്യന് പ്രപഞ്ചവുമായി എന്നും ഉണ്ടാകേണ്ട ഊഷ്മളബന്ധത്തിന് അടിവരയിടുന്ന സന്ദേശം.

മൂന്നാമതായി, പെട്ടകം കുടുംബകേന്ദ്രീകൃതമായ മനുഷ്യരക്ഷാപദ്ധതി ആയിരുന്നു. നോഹ മാത്രമല്ല അവന്റെ മക്കളും കുടുംബവും സംരക്ഷിക്കപ്പെടുന്നു. നോഹയുടെ വ്യക്തിനിഷ്ഠമായ

സ്വാർത്ഥതാല്പര്യങ്ങളുടെ സംരക്ഷണമല്ല, സമഗ്രവും സന്തുഷ്ടവുമായ കുടുംബസംരക്ഷണമാണ് പെട്ടകം വഴി സാധ്യമായത്. അതുതന്നെയാണ് ഇന്നും സംഭവിക്കേണ്ടത്. കുടുംബത്തിൽ ആരംഭിക്കുന്ന നിസ്വാർത്ഥസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബാലപാഠങ്ങൾ പിന്നീട് ഊഷ്മളമായ മനുഷ്യബന്ധങ്ങളുടെ സംരക്ഷണത്തിന് നമ്മെ പരിശീലിപ്പിക്കണം. കുടുംബങ്ങളിൽ നാം അനുഭവിക്കുന്ന സന്തോഷവും സമാധാനവുമാണ് പിന്നീട് അവ സമൂഹത്തിൽ വളർത്താൻ നമ്മെ പ്രാപ്തരാക്കുക.

അന്ന് നോഹയുടെ പെട്ടകം പോലെ ഇന്ന് കോവിഡ് അടച്ചുപൂട്ടൽ നമുക്കു നൽകുന്ന ഉത്തമസന്ദേശങ്ങൾ ഇവതന്നെയാണ്. ദൈവകേന്ദ്രീകൃതമായ, പരിസ്ഥിതിസംരക്ഷകമായ, കുടുംബാധിഷ്ഠിതമായ ജീവിതം നാം നയിച്ചാൽ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വമുണ്ടാകും, ഭൂമിയിൽ മനുഷ്യർക്കു സമാധാനമുണ്ടാകും. അപ്പോൾ ഐശ്വര്യത്തിന്റെ പ്രതീകമായ ഒലിവുശാഖയുമായി സമാധാനത്തിന്റെ വെള്ളരിപ്രാവ് നമ്മുടെ ജീവിതത്തിലേക്കു പറന്നുവരും. പ്രത്യാശയുടെ പ്രതീകമായ മഴവിൽകാവടി നമ്മുടെ ജീവിതചക്രവാളത്തിൽ നൃത്തം ചെയ്യും.

പ്രളയകാലത്ത് നോഹയുടെ കുടുംബത്തിന്റെയും പ്രപഞ്ചത്തിന്റെയും ജീവജാലങ്ങളുടെയും അതിജീവനകഥ കൊറോണാദുരന്തത്തെ അതിജീവിക്കാൻ നമുക്കു ഗുണപാഠമാകട്ടെ. ഈ മംഗലവാർത്തക്കാലത്ത് നമ്മോടുതന്നെ നമുക്ക് ചോദിക്കാം: എന്നെ സൃഷ്ടിച്ച കർത്താവ് ഇന്ന് ദുഃഖിക്കുന്നുണ്ടോ? ദുഷ്ടത എന്നിൽ പെരുകുന്നുണ്ടോ? എന്റെ ഹൃദയചിന്തകളും ഭാവനകളും ദുഷിക്കുന്നുണ്ടോ? ആഴമായ ആത്മപരിശോധനയ്ക്ക് നമുക്ക് അവസരം നൽകുകയാണ് കർത്താവ് ഈ മംഗലവാർത്തക്കാലത്ത്.

ക്രിസ്മസ് ദൈവത്തിന് നമ്മോടുള്ള നിലയ്ക്കാത്ത സ്നേഹത്തിന്റെ വീരഗാഥയാണെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നു. ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയുമാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. തിരുപ്പിറവിയിൽ ഈശോമിശിഹായിലൂടെ വെളിപ്പെട്ടതും, പരിശുദ്ധാത്മാവാൽ നമുക്കു നിരന്തരം നല്കപ്പെടുന്നതുമായ പിതാവിന്റെ സ്നേഹത്തിൽ ജീവിക്കാൻ സാധിക്കണമെങ്കിൽ നാം പാപികളാണെന്ന തിരിച്ചറിവും അതേറ്റുപറയാനുള്ള എളിമയും ദൈവകൃപ യാചിക്കാനുള്ള സന്നദ്ധതയും നമുക്കുണ്ടാകണം. ഈ മംഗലവാർത്താക്കാലത്ത് അതിനായി നമുക്ക് പരിശ്രമിക്കാം.

ആസന്നമായ മംഗലവാർത്താക്കാലത്തിന്റെയും തിരുപ്പിറവിയുടെയും മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്, ഈശോമിശിഹായിൽ നിങ്ങളുടെ സ്നേഹപിതാവ്,

**+ ബോസ്കോ പുത്തൂർ**

2020 നവംബർ 22
ക്രിസ്തുരാജ തിരുനാൾ

NB: ഈ ഇടയലേഖനം 2020 നവംബർ 29 ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.